**കേരള കാർഷിക സർവ്വകലാശാല**
**പ്ലാന്റ് പ്രോപഗേഷൻ ആന്റ് നഴ്സറി മാനേജ്മെന്റ് യൂണിറ്റ്**
**വെള്ളാനിക്കര, 680656**
0487 2438620 0487 2438621
centnursery@kau.in

സിഡി:1517/2021 തിയ്യതി : 19/07/2025

## ക്വട്ടേഷൻ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാല പ്ലാന്റ് പ്രോപഗേഷൻ ആന്റ് നഴ്സറി മാനേജ്മെന്റ് യൂണിറ്റിന് കീഴിലുള്ള ഫാമിലേക്ക് ആവശ്യമായ ചുവടെ ചേർക്കുന്ന വലിപ്പത്തിലുള്ള പോളിത്തീൻ ബാഗുകൾ എത്തിച്ചുതരുവാൻ താത്പര്യമുള്ളവരിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി മത്സരാടിസ്ഥാനത്തിൽ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| Sl. No. | Item | Specification |
|---|---|---|
| 1 | Polythene bag (all sizes as required) | Black |
| 2 | Polythene covers(Multi colour printed) | Thickness : above 65 micron |
| 3 | Polythene bag | Black virgin |
| 4 | Polythene bag | Coloured /Natural virgin |
| 5 | HDPE woven sack/ laminated | 50kg pack 28" X 38" |
| 6 | HDPE woven sack/ laminated | 25 kg pack 24" X 30" |
| 7 | Sip Up cover/ Ice Tubes | ( 1 ½" x 8" ) |
| 8 | Sip Up Tube | (1 ½") |
| 9 | Grafting/ Layering (Sheet)- as required | |
| 10 | Grafting Strip | 30cm X 2.5cm |

**ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയ്യതി** : 28/07/2025 തിയ്യതി **11.00** മണി വരെ

**ക്വട്ടേഷൻ നിബന്ധനകൾ**

1. ക്രമ നമ്പർ 5 മുതൽ 10 വരെയുള്ള സാധനങ്ങൾ മേൽ പട്ടികപ്രകാരമുള്ള അളവിലുള്ളതും മറ്റുള്ളവയുടെ അളവുകൾ ആവശ്യപ്പെടുന്ന വിധത്തിലുള്ളതും ആയിരിക്കും
2. ക്വട്ടേഷനിൽ ഓരോ ഇനത്തിന്റെയും യൂണിറ്റ് നിരക്ക്/ കിലോ ഗ്രാം അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
3. ക്വട്ടേഷൻ സമർപ്പിക്കുന്നവർ 5000/- രൂപ നിരദദ്രവ്യമായി (EMD) ഓഫീസിൽ അടച്ചു അസ്സൽ രസീത് കൈപ്പറ്റേണ്ടതാണ്. ക്വട്ടേഷൻ ഉറപ്പിക്കുന്ന വ്യക്തിയുടെ നിരദദ്രവ്യം സുരക്ഷിത നിക്ഷേപമാക്കി മാറ്റുന്നതും ക്വട്ടേഷൻ കാലാവധിയ്ക്ക് ശേഷം തിരികെ നൽകുന്നതും ആയിരിക്കും.
4. സമർപ്പിക്കുന്ന ക്വട്ടേഷനിൽ "പി.പി.എൻ.എം.യു.വിലേയ്ക്ക് പോളിത്തീൻ ബാഗുകൾ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ" എന്ന് എഴുതിയതിനു ശേഷം അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്, പി.പി.എൻ.എം.യു., വെള്ളാനിക്കര എന്ന അഡ്രസ്സ് കവറിനു പുറത്തെഴുതി സീൽ ചെയ്ത് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
5. ലഭ്യമായ ക്വട്ടേഷനുകൾ 28/07/2025 11.30 AM ന് സന്നിഹിതരാകുന്നവരുടെ മുമ്പാകെ തുറക്കുന്നതായിരിക്കും. ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി സ്ഥിരപ്പെടുത്തുന്നതാണ്. ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയ്ക്ക് പുറമെ യാതൊരു വിധ ബാധ്യതകളും യൂണിവേഴ്സിറ്റിയ്ക്ക് ഉണ്ടായിരിക്കുന്നതല്ല.
6. ഏതെങ്കിലും കാരണവശാൽ ഈ ദിവസം അവധിയോ/ബന്ദോ/ഹർത്താലോ ആണെങ്കിൽ തൊട്ടടുത്ത ദിവസം ക്വട്ടേഷൻ നടത്തുന്നതാണ്.
7. നിശ്ചിത തിയ്യതിയ്ക്കും സമയത്തിനും ശേഷം ലഭിയ്ക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും.
8. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി വ്യവസ്ഥകൾ പാലിയ്ക്കാതെ വന്നാലോ കരാറുകാരനിൽ നിന്ന് സർവ്വകലാശാലയ്ക്ക് ഏതെങ്കിലും നാശനഷ്ടം സംഭവിച്ചാലോ ക്വട്ടേഷൻ റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിയ്ക്കുന്നതും സുരക്ഷിതനിക്ഷേപം സർവ്വകലാശാലയിലേക്ക് കണ്ടുകെട്ടുന്നതും ആയിരിക്കും.
9. ക്വട്ടേഷനുകൾ യാതൊരു കാരണവും കാണിക്കാതെ നിരാകരിക്കാനുള്ള അധികാരം അസിസ്റ്റന്റ് പ്രൊഫസ്സർ ആന്റ് ഹെഡ്, പ്ലാന്റ് പ്രോപഗേഷൻ ആന്റ് നഴ്സറി മാനേജ്മെന്റ് യൂണിറ്റ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക
10. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

11. പട്ടികയിൽ പറഞ്ഞപ്രകാരമുള്ള ഇനങ്ങളുടെ യൂണിറ്റ് നിരക്കിന്റെ (കിലോഗ്രാം) ശരാശരിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആൾക്ക്/ സ്ഥാപനത്തിനായിരിക്കും ക്വട്ടേഷൻ ഉറപ്പിക്കുക

ഡോ.അനുപമ ടി.വി.
അസിസ്റ്റന്റ് പ്രൊഫസ്സർ ആന്റ് ഹെഡ്

ASSISTANT PROFESSOR & HEAD
Plant Propagation & Nursery Management Unit
Kerala Agricultural University
Vellanikkara-680656

പകർപ്പ് : നോട്ടീസ് ബോർഡ് (ഫാം, വിപണന വിജ്ഞാന കേന്ദ്രം)/സയന്റിസ്റ്റ് ഇൻ ചാർജ്ജ് (ഫാം)/ഫാം സൂപ്രണ്ട്/ ഫയൽ

Plant Propagation and Nursery Managemnet Unit
Vellanikkara, KAU P.O.
Date............
Thrissur-680656
Kerala Agricultural University